കേരള കാർഷിക സർവകലാശാല
കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തി, തൃശ്ശൂർ – 680651
ഇമെയിൽ: arsmannuthy@kau.in;
ഫോൺ: 04872 370726, 9446 370726

നമ്പർ: ബി/2085/2023 തിയതി: 20/10/2023

## റീടെൻഡർ [പുനർ ദർഘാസ്] നോട്ടീസ്

ഈ കേന്ദ്രത്തിലെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ] വിവിധ ആവശ്യങ്ങൾക്കായി അടുത്ത ഒരു വർഷക്കാലത്തേക്ക് ചകിരച്ചോറു [coirpith] വിതരണം ചെയ്യാൻ താല്പര്യമുള്ള വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ [ദർഘാസ്] ക്ഷണിക്കുന്നു.

### വ്യവസ്ഥകളും നിർദേശങ്ങളും

1 സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ടെൻഡർ ഫോം ഡൗൺലോഡ് ചെയ്യേണ്ടതും [വെബ്സൈറ്റ് വിലാസം: http://www.kau.in/Tenders/ Related Documents] പൂരിപ്പിച്ച ടെൻഡർ ഫോം, തിരിച്ചു നൽകാത്ത ഫീസായ 400 രൂപായും അതിന്റെ 18% ജി എസ് റ്റി-യും സഹിതം [ആകെ 472 രൂപാ മാത്രം] ഈ ഓഫിസിൽ സമർപ്പിക്കേണ്ടതുമാണ്. Professor & Head, Agricultural Research Station, Mannuthy, എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായും തുക അടക്കാവുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റായി അടക്കുന്ന പക്ഷം ടെൻഡർ ഫീസിനും ജി എസ് റ്റി-ക്കും വെവ്വേറെ ഡ്രാഫ്റ്റ് എടുക്കേണ്ടതും അവ ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്.

2 5000 രൂപാ [അയ്യായിരം രൂപാ മാത്രം] നിരതദ്രവ്യമായി അടക്കേണ്ടതാണ്. ആയത് പണമായി അടക്കേണ്ടതാണ്. ടെൻഡർ ലഭിക്കാത്തവരുടെ നിരത ദ്രവ്യം, ടെൻഡർ നടപടികൾക്കു ശേഷം പണമായോ അക്കൗണ്ട് ട്രാൻസ്ഫറായോ തിരികെ നൽകുന്നതാണ്. ടെൻഡർ ലഭിക്കുന്നയാളുടെ നിരത ദ്രവ്യം, ടെൻഡർ കാലാവധിക്കു ശേഷം പലിശ രഹിതമായി മാത്രം തിരികെ നൽകുന്നതാണ്

3 സർവകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിലുള്ള കരാർ 200 രൂപാ മൂല്യമുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ ചമക്കേണ്ടതും ആയത് ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്

4 31/10/2024 വരെയുള്ള കാലയളവിൽ ഈ കേന്ദ്രത്തിൽ നിന്നു നിർദേശിക്കുന്നതു പ്രകാരം ഈ കേന്ദ്രത്തിനു കീഴിൽ മണ്ണുത്തിയിലും വെള്ളാനിക്കരയിലുമുള്ള വിവിധ യൂനിറ്റുകളിൽ ഏറ്റവും മികച്ച ഗുണനിലവാരമുള്ള ചകിരച്ചോറ് എത്തിച്ചു തരേണ്ടതാണ്

5 എല്ലാ നികുതികളും, വാഹന-കയറ്റിറക്കു ചെലവുകളും, മറ്റു ചെലവുകളും ഉൾപ്പെടെ ഒരു ക്യൂബിക് ഫീറ്റ് ചകിരിച്ചോറ് ഈ കേന്ദ്രത്തിൽ എത്തിച്ചു തരുന്നതിനു ലഭിക്കേണ്ടതായ വിലയാണ് ക്വാട്ട് ചെയ്യേണ്ടത്

6 "ചകിരിച്ചോറ് വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ" എന്ന പുറത്തെഴുതിയതും The Professor & Head, Agricultural Research Station, Mannuthy, Thrissur – 680651, Kerala, എന്ന വിലാസത്തിലുള്ളതുമായ കവറിലാക്കിയ ടെൻഡർ രേഖകൾ, 31/10/2023 ചൊവ്വാഴ്ച ഉച്ചക്ക ശേഷം മൂന്ന് മണിക്കോ അതിനു മുൻപോ ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. ലഭ്യമായ കവറുകൾ, സന്നിഹിതരായിട്ടുള്ള അപേക്ഷകരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം തന്നെ ഉച്ചക്ക ശേഷം 03:30നു തുറന്നു പരിശോധിക്കുന്നതും മറ്റു നിബന്ധനകൾക്കു വിധേയമായി ഏറ്റവും കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയ ടെൻഡർ സ്വീകരിക്കുന്നതുമാണ്

7 നിശ്ചിത സമയത്തു ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ ആയ ടെൻഡറുകൾ തൽക്ഷണം നിരസിക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ടെൻഡറുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരവും ഈ കേന്ദ്രം മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും

8 ടെൻഡറുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്

9 ഈ ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫീസ് സമയത്തു നേരിട്ടോ, 04872 370726, 9446 370726, എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്

10 ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെൻഡർ തുറക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ തുറക്കുന്നതാണ്

20/10/23

AGRICULTURAL RESEARCH STATION MANNUTHY Date.........

പ്രൊഫസർ & ഹെഡ്
Professor & Head
Agricultural Research Station
Mannuthy - 680 651

സ്വീകർത്താവ്: നോട്ടീസ് ബോർഡ് – കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി;
നോട്ടീസ് ബോർഡ് – വിജ്ഞാന വ്യാപന ഡയറക്ടറേറ്റ്, മണ്ണുത്തി;
നോട്ടീസ് ബോർഡ് – കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം, മണ്ണുത്തി

പകർപ്പ്: ഫാം സൂപ്രണ്ട്